LIBRARY ARCHIVES Kerala Legislative Assembly

ബി.എഡ്. പ്രവേശനത്തിന് പ്രവേശന പരീക്ഷ

9 [1110] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.എഡ്. പ്രവേശന പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനാവശ്യമായ പ്രോസ്പെക്ടസ് തയ്യാറായിട്ടുണ്ടോ ; പ്രോസ്പെക്ടസിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ടോ ;

(സി) പ്രവേശന പരീക്ഷയുടെ ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര ബി.എഡ്. സീറ്റുകളുണ്ട് ; സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ എത്ര വീതം ;

(ഇ) സ്വാശ്രയ മേഖലയിലെ സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകാൻ കഴിയുന്ന സീറ്റുകൾ എത്ര ;

(എഫ്) പ്രവേശനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) പ്രവേശന പരീക്ഷാ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) സർക്കാർ മേഖലയിൽ 560-ഉം, എയ്ഡഡ് മേഖലയിൽ 2865-ഉം, സ്വാശ്രയ മേഖലയിൽ 11580-ഉം ബി.എഡ്. സീറ്റുകളുണ്ട്. ഇതുകൂടാതെ സർവ്വകലാശാല നേരിട്ടുള്ള ബി.എഡ്. സെന്ററുകളിലും ബി.എഡ്. കോഴ്സ് നടത്തിവരുന്നുണ്ട്.

(ഇ) സ്വാശ്രയ കോളേജിൽ 2006-07 വർഷം സർക്കാർ സീറ്റുകളുടെ ലഭ്യത സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന കേരളാ സെൽഫ് ഫിനാൻസിംഗ് കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട് 2004 (ആക്ട് 17 ഓഫ് 2004)-ന്റെ സാധുതയ്ക്ക് വിധേയമായിരിക്കും. ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന തനുസരിച്ച് സ്വാശ്രയ മേഖലയിലെ മൊത്തം സീറ്റുകളുടെ 50% സീറ്റുകൾ ലഭ്യമാകുന്നെങ്കിൽ, 5790 സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകാൻ കഴിയും.

(എഫ്) 2006 മേയ് മാസത്തോടെ ബി.എഡ്. കോഴ്സിനുള്ള പ്രവേശന നടപടികൾ പൂർത്തിയാകുമെന്ന് കണക്കാക്കുന്നു.